"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - വിമുക്തി മിഷന്റെ കീഴിലുള്ള 14 ഡി-അഡിക്ഷൻ സെന്ററുകളിലെ 84 താൽക്കാലിക തസ്തികകളുടെ കാലാവധി ദീർഘിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1074/2024/TAXES തീയതി,തിരുവനന്തപുരം, 04-12-2024

---

പരാമർശം:-
1. 25.09.2018ലെ സ.ഉ.(കൈ) നം. 70/2018/നി.വ
2. 10.11.2022ലെ സ.ഉ.(കൈ) നം. 88/2022/നികുതി
3. 26.12.2023ലെ സ.ഉ(കൈ) നം.127/2023/നികുതി
4. 05.08.2024 ലെ എക്സൈസ് കമ്മീഷണറുടെ EXC/2985/2024-APC-1 നമ്പർ കത്ത്

**ഉത്തരവ്**

വിമുക്തി മിഷന്റെ കീഴിൽ സർക്കാർ ആശുപത്രികളോട് ചേർന്ന് എല്ലാ ജില്ലകളിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകൾ തുടങ്ങുന്നതിനും, 84 താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് ഒരു വർഷത്തേക്ക് ജീവനക്കാരെ താൽകാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 3 വർഷം കഴിഞ്ഞ ജീവനക്കാരെ മാറ്റി പുതിയ ജീവനക്കാരെ നിയമിക്കണം എന്ന വ്യവസ്ഥയോടെ ടി 84 താൽക്കാലിക തസ്തികകളുടെ കാലാവധി 25.10.2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരവും, ടി തസ്തികകളുടെ കാലാവധി 25.10.2023 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് പരാമർശം (3) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 14 ഡി-അഡിക്ഷൻ സെന്ററുകളിലെ 84 തസ്തികളിൽ കാസർഗോഡ് ജില്ലയിലെ ഡി-അഡിക്ഷൻ സെന്ററിൽ 24.07.2024-ൽ മൂന്ന് വർഷം പൂർത്തിയായ ഒരു സ്റ്റാഫ് നഴ്സ് മാത്രമാണ് ഉള്ളതെന്നും ബാക്കിയുള്ള ഡി-അഡിക്ഷൻ സെന്ററുകളിൽ മൂന്ന് വർഷം കഴിഞ്ഞ ആരും തന്നെ നിലവിൽ ജോലി ചെയ്യുന്നില്ലെന്നും, 14 ജില്ലകളിലും പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളിലെ ടി 84 താൽക്കാലിക തസ്തികകളുടെ കാലാവധി 25.10.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്നും എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിമുക്തി മിഷന്റെ കീഴിൽ 14 ഡി-അഡിക്ഷൻ സെന്ററുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള താൽക്കാലിക ജീവനക്കാരിൽ ആർക്കും മൂന്ന് വർഷത്തിൽ കൂടുതൽ തുടർച്ച അനുവദിക്കാൻ പാടില്ല എന്നുള്ള വ്യവസ്ഥയിൽ വിമുക്തി മിഷന്റെ

കീഴിലെ 14 വിമുക്തി ഡി-അഡിക്ഷൻ സെൻ്ററുകളിലെ മെഡിക്കൽ ഓഫീസർ (ഒരു സെൻ്ററിൽ ഒന്ന് വിതം 14 എണ്ണം), ക്ലിനിക്കൽ സൈക്കോളജിസ്റ്റ് (ഒരു സെൻ്ററിൽ ഒന്ന് വീതം 14 എണ്ണം), സൈക്യാട്രിക് സോഷ്യൽ വർക്കർ (ഒരു സെൻ്ററിൽ ഒന്ന് വീതം 14 എണ്ണം), സ്റ്റാഫ് നഴ്സ് (ഒരു സെൻ്ററിൽ 3 വീതം 42 എണ്ണം) എന്നീ 84 താൽക്കാലിക തസ്തികകളുടെ കാലാവധി 25.10.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിൻ്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, വിമുക്തി മിഷൻ
3. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (A&E/Audit), കേരള. തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (2229846/EXP-B1/562/2022-FIN തീയതി 22.11.2024 പ്രകാരം)
5. ആരോഗ്യ - കുടുംബ ക്ഷേമ വകുപ്പ്
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Premlal D
സെക്ഷൻ ഓഫീസർ
Date: 04-12-2024 16:11:32